# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 177    06.01.2014-ൽ മറുപടി**

**<u>ഇന്ത്യൻ മുജാഹിദ്ദീന്റെ കേരളത്തിലെ ബന്ധങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| എ) | അറസ്റ്റിലായ ഇന്ത്യൻ മുജാഹിദ്ദീൻ സ്ഥാപക നേതാവ് യാസിൻ ഭട്ട്ക്കലിന് കേരളത്തിലെ എതെല്ലാം സംഘടനകളുമായിട്ടാണ് ബന്ധമുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഇന്ത്യൻ മുജാഹിദ്ദീൻ നേതാവ് യാസിൻ ഭട്ട്ക്കൽ കേരളത്തിൽ മലപ്പുറം ജില്ലയിലെ സത്താർ @ സൈനുദീൻ ഭായി, ടി യാന്റെ മരുമകനും ജമ്മു കാശ്മീരിൽ ഇന്ത്യൻ സൈനികരുടെ വെടിയേറ്റ് മരണപ്പെട്ട അബ്ദുൾ റഹീം എന്ന ആൾക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. |
| ബി) | ചില സംഘടനകളുമായി യാസിൻ ഭട്ട്ക്കലിന് ബന്ധമുണ്ടെന്ന് അറിഞ്ഞതായി കേന്ദ്ര ആഭ്യന്തര സഹമന്ത്രി വെളിപ്പെടുത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; | (ബി) | വാർത്താ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിനെ അറിയിച്ചിട്ടില്ല. |
| സി) | തീവ്രവാദ സംഘടനകളിലേയ്ക്ക് യുവാക്കളെ റിക്രൂട്ട് ചെയ്യാൻ ഭട്ട്ക്കലുമായി ബന്ധമുള്ള കേരളത്തിലെ സംഘടനകൾ പ്രവർത്തിച്ചിട്ടുള്ളതായി എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ